Prot.No.MPL :17/17/15

# ഇടയലേഖനം

മിശിഹായിൽ പ്രിയ ബഹുമാന വൈദികരേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ, ഈശോ മിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ !

ഓസ്ട്രേലിയായിൽ മെൽബൺ സീറോ മലബാർ രൂപത സ്ഥാപിതമായിട്ട് കഴിഞ്ഞ മാർച്ച് 25ന്, മംഗലവാർത്ത തിരുന്നാൾദിനം, മൂന്നു വർഷം പൂർത്തിയായല്ലോ. ഈ കാലഘട്ടത്തിൽ നല്ലവനായ ദൈവം നമ്മുടെ രൂപതയിലെ വിശ്വാസ സമൂഹത്തിനു നല്കിക്കൊണ്ടിരിക്കുന്ന നിരവധി അനുഗ്രഹങ്ങൾക്ക് നമുക്ക് നന്ദി പറയാം.

ഈ ശുഭ മുഹൂർത്തത്തിൽ സീറോ മലബാർ സഭാമക്കളായ നമ്മെ സന്ദർശിക്കാൻ 2017 മെയ് 14 (ഞായർ) ഉച്ചകഴിഞ്ഞ് 3.30ന് എത്തുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ പ്രത്യേക പ്രതിനിധി, പൗരസ്ത്യ സഭകൾക്കായുള്ള തിരുസ്സംഘാധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ ലെയാനാർദോ സാന്ദ്രി പിതാവിനെ സ്വീകരിക്കാനും വിശുദ്ധ കുർബാനയിലും തിരുക്കർമ്മങ്ങളിലും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കാനും ഏവരേയും ഞാൻ സാദരം ക്ഷണിക്കുന്നു. സാന്ദ്രി പിതാവിനോടൊപ്പം മാർപാപ്പയുടെ ഓസ്ട്രേലിയായിലെ സ്ഥിരം പ്രതിനിധി (Apostolic Nuncio) ADOLFO TITO YLLANA മെത്രാപ്പോലിത്തയും നമ്മെ സന്ദർശിക്കാൻ എത്തുന്നുണ്ട്. പൗരസ്ത്യ തിരുസ്സംഘാധ്യക്ഷനും അപ്പസ്തോലിക് നുൺഷ്യയോയും ആദ്യമായാണ് നമ്മുടെ രൂപത സന്ദർശിക്കുന്നത്. അവരെ സമുചിതമായി സ്വീകരിക്കാൻ സഭാമക്കളായ നമുക്ക് കടമയുണ്ട്.

നമ്മുടെ രൂപതയിലെ സാധിക്കുന്നത്ര എല്ലാവരും ഈ തിരുക്കർമ്മത്തിൽ പങ്കെടുക്കണമെന്നാണ് എന്റെ ആഗ്രഹം. ദൂരക്കൂടുതൽ കാരണം എല്ലാവർക്കും എത്തിച്ചേരാൻ പറ്റില്ലെന്നറിയാം. ചുരുങ്ങിയപക്ഷം, നമ്മുടെ എല്ലാ സമൂഹങ്ങളിൽ നിന്ന് ബഹുമാനപ്പെട്ട അച്ചന്മാരും കൈക്കാരന്മാരും ഉറപ്പായും പങ്കെടുക്കണം. മെൽബൺ പ്രദേശത്തെ മൂന്നു ഇടവകകളിലെ അംഗങ്ങളാണ് സ്വാഭാവികമായും ഈ സംരഭത്തിൽ സജീവമായി പങ്കെടുക്കേണ്ടത്. ഒപ്പം, സമീപപ്രദേശത്തുള്ള മറ്റു സമൂഹങ്ങളും സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഓസ്ട്രേലിയായിൽ നമ്മുടെ വിശ്വാസസമൂഹങ്ങളുടെ വളർച്ചയും ഐക്യവും കൂട്ടായ്മയും പങ്കുവെക്കാനും പ്രകടിപ്പിക്കാനും പരിപോഷിപ്പിക്കാനും നമുക്ക് വലിയൊരവസരമാണിത്. യാത്ര സുഗമമാക്കാൻ അകലെ നിന്നെത്തുന്നവർക്ക് ബസ്സോ, മറ്റു വാഹനസൗകര്യങ്ങളോ ഏർപ്പെടുത്താൻ ബഹുമാനപ്പെട്ട അച്ചന്മാരോടും കൈക്കാരന്മാരോടും കമ്മിറ്റി അംഗങ്ങളോടും ഞാൻ അഹ്വാനം ചെയ്യുന്നു. ആഘോഷങ്ങൾക്കുള്ള വേദി St. John's Regional College, 5-11 Caroline St. DANDENONG ആണ്.

ഇത്തരുണത്തിൽ, ചിലർക്കെങ്കിലും പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘം എന്താണെന്ന് സംശയമുണ്ടാകും. ആഗോള കത്തോലിക്കാ സഭയുടെ തലവനായ മാർപാപ്പയുടെ കീഴിൽ സഭാ ഭരണം സുഗമായി നടത്തികൊണ്ടു പോകാൻ സഹായിക്കുന്ന സംവിധാനത്തിന്റെ പേരാണ് റോമൻ കൂരിയ. ഇതിൽ 27 വിവിധ വകുപ്പുകളുടെ സഹായത്തോടെയാണ് മാർപാപ്പ സാർവ്വത്രിക സഭാഭരണം നിർവ്വഹിക്കുന്നത്. പൗരസ്ത്യ കത്തോലിക്കാസഭകളുമായി ബന്ധപ്പെടുന്ന കാര്യങ്ങളിൽ മാർപ്പാപ്പയെ അജപാലനപരവും ഭരണപരവുമായി സഹായിക്കുന്ന വകുപ്പാണ് പൗരസ്ത്യ സഭകൾക്കായുള്ള തിരുസംഘം. ഉദാഹരണമായി സീറോ മലബാർ സിനഡിന്റെ ആഗ്രഹപ്രകാരം പൗരസ്ത്യസഭകൾക്കായുള്ള തിരുസംഘാദ്ധ്യക്ഷൻ സാന്ദ്രി പിതാവ് ഫ്രാൻസിസ് മാർപാപ്പയോട് നിർദ്ദേശിച്ച പ്രകാരമാണ് ഓസ്ട്രേലിയായിൽ നമ്മുടെ രൂപത സ്ഥാപിതമായതും എന്നെ ഈ രൂപതയുടെ മെത്രാനായി നിയമിച്ചതും. 2007 മുതലാണ് അർജന്റീനക്കാരനായ സാന്ദ്രി പിതാവ് ഈ സ്ഥാനത്ത് നിയമിതനായത്.

പ്രിയ സഹോദരീ സഹോദരന്മാരേ, നല്ലവനായ ദൈവം തന്റെ പരിപാലനയിൽ നമ്മെ കൊണ്ട് വന്നെത്തിച്ചിരിക്കുന്ന ഈ നാട്ടിൽ നമ്മുടെ വിശ്വാസ പാരമ്പര്യങ്ങളും ആത്മീയ സംസ്കാരവും മാതൃഭാഷയും നമ്മുടെ മക്കൾക്ക് വിശ്വസ്തതയോടെ കൈമാറാനുള്ള ചുമതല നമുക്കുണ്ട്. അതേസമയം, എറെ നന്മ നമുക്ക് നല്കിക്കൊണ്ടിരിക്കുന്ന ഈ നാടിനെ സേവിക്കാനുള്ള കടമയും നമുക്കുണ്ട്. അതിൽ പ്രധാനപ്പെട്ടത് ഈശോയുടെ സ്നേഹത്തിന്റെ സുവിശേഷത്തിന് നാം ഇവിടെ സവിശേഷ സാക്ഷികളാകുക എന്നതാണ്. രണ്ടാമത്തെ ചുമതല, നാം ജീവിക്കുന്ന ഈ സമൂഹത്തിന്റെ നിർമ്മിതിയിൽ ധാർമ്മികമായും സാസ്കാരികമായും സാമ്പത്തികമായും രാഷ്ട്രീയമായും ക്രിയാത്മകമായി പങ്കുകാരാകുക എന്നതാണ്. അതിനെപ്പറ്റി മക്കളെ ബോധ്യപ്പെടുത്താൻ നമുക്ക് കടമയുണ്ട്. അങ്ങനെ നമ്മെ സ്വന്തമെന്നോണം സ്വീകരിക്കുകയും വളരാൻ സഹായിക്കുകയും ചെയ്യുന്ന ഓസ്ട്രേലിയൻ സമൂഹത്തെ നിർല്ലോപം സ്നേഹിക്കാനും നമുക്കാകും വിധം ഈ രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയിൽ പങ്കുകാരാകാനും ദൈവം നമ്മെ വിളിച്ചിരിക്കുകയാണെന്ന് നാം മറക്കരുത്.

നമ്മുടെ രൂപത മൂന്നു വർഷം തികക്കുന്ന ഈ അവസരത്തിൽ ഔദ്യാഗികമായി നമ്മെ സന്ദർശിക്കാനെത്തുന്ന സാന്ദ്രി പിതാവിനെയും അപ്പസ്തോലിക് നൂൺഷ്യയേയും സ്നേഹോഷ്മളമായി നമുക്ക് സ്വീകരിക്കാം. അഭിവന്ദ്യ പിതാക്കന്മാരുടെ അനുഗ്രഹം ഏറ്റുവാങ്ങാം. പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാക്കു വേണ്ടിയും സാർവ്വത്രിക സഭക്കു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം. മെയ് 14-ാം തിയതി ഞായറാഴ്ച എല്ലാവരെയും കാണാമെന്ന പ്രതീക്ഷയിൽ,

സ്നേഹത്തോടെ,

**+ ബോസ്കോ പുത്തൂർ** 2017 ഏപ്രിൽ 17

NB:ഈ ഇടയലേഖനം ഏപ്രിൽ 23-ാം തിയതി ഞായറാഴ്ച പള്ളിയിൽ വായിക്കേണ്ടതാണ്.